കേരള സംസ്ഥാന നിയമ സേവന അതോറിറ്റി (കെൽസ)
നിയമസഹായ ഭവൻ, ഹൈക്കോർട്ട് കോമ്പൗണ്ട്, എറണാകുളം, കൊച്ചി - 682 031, ഫോൺ : 0484 2396717
Website : www.kelsa.nic.in E-mail : kelsakerala@gmail.com

# നീതിന്യായ വ്യവസ്ഥയും കോടതികളും

സുപ്രീം കോടതിയും ഹൈക്കോടതിയും കീഴ്ക്കോടതികളും ഉൾക്കൊള്ളുന്നതാണ് നീതിന്യായ സംവിധാനം. രാജ്യത്തെ ഏറ്റവും ഉയർന്ന കോടതിയായ സുപ്രീം കോടതിയും, സംസ്ഥാനങ്ങളിലെ ഉന്നത നീതിപീഠങ്ങളായ ഹൈക്കോടതികളും, ഹൈക്കോടതികൾക്കു താഴെ ജില്ലാ സെഷൻസ് കോടതികളും, അവയ്ക്ക് താഴെ സബോർഡിനേറ്റ് - അസിസ്റ്റൻറ് സെഷൻസ് ജഡ്ജിമാർ, ഏറ്റവും അടിത്തട്ടിൽ മുൻസിഫ് കോടതികളും, മജിസ്ട്രേറ്റ് കോടതികളും.

## സുപ്രീം കോടതി

ഒരു ചീഫ് ജസ്റ്റിസും മറ്റു ജഡ്ജിമാരുമടങ്ങുന്നതാണ് സുപ്രീം കോടതി. മൗലികാവകാശ സംരക്ഷണമാണ് സുപ്രീകോടതിയുടെ ഏറ്റവും പ്രധാനപ്പെട്ട കർത്തവ്യം. സർക്കാരുകൾ തമ്മിലുള്ള അവകാശത്തർക്കങ്ങൾ വിചാരണ ചെയ്യുവാൻ സുപ്രീംകോടതിക്ക് മാത്രമേ അധികാരമുള്ളൂ. സുപ്രീംകോടതിയുടെ മറ്റൊരു പ്രധാനപ്പെട്ട അധികാരം ഇന്ത്യയിലെ ഏതൊരു കോടതിയുടേയും ഏത് വിധിയും ഉത്തരവും തീരുമാനവും പുനഃപരിശോധിക്കുന്നതിന് പ്രത്യേകാനുമതി കൊടുക്കാം എന്നതാണ്. അത് ആവശ്യമാണെന്ന് സുപ്രീം കോടതിക്ക് ബോധ്യപ്പെടണം. ഇന്ത്യയിൽ നിയമകാര്യങ്ങളിൽ അവസാനവാക്ക് സുപ്രീംകോടതിയുടേതാണ്. സുപ്രീംകോടതിയുടെ വിധികളും അവയിലെ തത്ത്വങ്ങളും ഇന്ത്യയിലെ എല്ലാ കോടതികളും അനുസരിക്കണം.

## ഹൈക്കോടതി

ഓരോ സംസ്ഥാനത്തിനും ഓരോ ഹൈക്കോടതിയുണ്ട്. ഹൈക്കോടതിയുടെ വിധിയിലെ നിയമങ്ങൾ ആ ഹൈക്കോടതിയുടെ അധികാര പരിധിയിലുള്ള പ്രദേശങ്ങളിലെ കോടതികൾ നിർബന്ധമായും അനുസരിക്കണം. മൗലികാവകാശങ്ങൾ സംരക്ഷിക്കുവാനും നടപ്പിലാക്കുവാനും റിട്ടുകൾ പുറപ്പെടുവിക്കാൻ ഹൈക്കോടതികൾക്കും അധികാരമുണ്ട്. കൊലക്കുറ്റങ്ങൾ വിചാരണ ചെയ്ത് ശിക്ഷിക്കാനുള്ള അധികാരം സെഷൻസ് കോടതികൾക്കാണ്. എന്നാൽ സെഷൻസ് കോടതി നൽകുന്ന മരണശിക്ഷ ഹൈക്കോടതിയുടെ അംഗീകാരത്തിന് വിധേയമായിട്ടുള്ളതാണ്. ഹൈക്കോടതിയുടെ അപ്പീലധികാരം വളരെ വിപുലമാണ്. ഒരു ഹൈക്കോടതിയുടെ കീഴിലുള്ള എല്ലാ കോടതികളുടേയും മേൽനോട്ടാധികാരം ഹൈക്കോടതിക്കാണ്. ഓരോ ജില്ലയിലേയും കോടതികളുടെ മേൽനോട്ടം ഓരോ ജഡ്ജിയെ ചുമതലപ്പെടുത്തുകയാണ് ഹൈക്കോടതി ചെയ്യുന്നത്.

## കീഴ്ക്കോടതികൾ

ഹൈക്കോടതിയുടെ തൊട്ടു താഴെയുള്ളത് ജില്ലാ കോടതികളും, സെഷൻസ് കോടതികളുമാണ്. ജില്ലാ കോടതി സിവിൽ കോടതിയും സെഷൻസ് കോടതി ക്രിമിനൽ കോടതിയുമാണ്. ഓരോ ജില്ലയിലും ഓരോ ജില്ലാ കോടതിയും സെഷൻസ് കോടതിയും സംസ്ഥാന സർക്കാർ സ്ഥാപിച്ചിട്ടുണ്ട്. ഏതെങ്കിലും ജില്ലയിൽ ആവശ്യമായി വന്നാൽ ഒന്നിലധികം ജില്ലാ കോടതികളും സെഷൻസ് കോടതികളും സ്ഥാപിക്കാവുന്നതാണ്. അഡീഷണൽ ജില്ലാകോടതി, അഡീഷണൽ സെഷൻസ് കോടതി എന്നാണ് അവയ്ക്ക് പറയുക.

## സബോർഡിനേറ്റ് ജഡ്ജിമാർ

ജില്ലാ ജഡ്ജിയുടെ തൊട്ടുതാഴെയുള്ള കോടതി സബോർഡിനേറ്റ്

ജഡ്ജിയുടെ കോടതികളാണ്. ഇവ സബ്കോടതികൾ എന്ന ചുരുക്കപ്പേരില് അറിയപ്പെടുന്നു. സിവിൽ കേസുകളിൽ തർക്കവിഷയത്തിന്റെ മൂല്യം 10 ലക്ഷം രൂപയിലധികം വന്നാൽ സബ്കോടതികൾക്കാണ് വിചാരണാധികാരം.

## മുൻസിഫ് കോടതികൾ

സിവിൽകോടതികളിൽ ഏറ്റവും താഴെ തട്ടിലുള്ളതാണ് മുൻസിഫ് കോടതികൾ. തർക്കവിഷയം 10 ലക്ഷം രൂപയിൽ കവിയാത്ത എല്ലാ കേസുകളും മുൻസിഫ് കോടതികളിലാണ് ബോധിപ്പിക്കേണ്ടത്. മുൻസിഫ് കോടതി വിധികൾക്കെതിരെ ജില്ലാ കോടതിയിൽ അപ്പീൽ ബോധിപ്പിക്കാവുന്നതാണ്. ഏതെല്ലാം വില്ലേജുകളാണ് ഓരോ സബ്കോടതിയുടേയും മുൻസിഫ് കോടതിയുടേയും അധികാര പരിധിയിലെന്ന് സർക്കാർ വിജ്ഞാപനം മുഖേന തീരുമാനിക്കണം.

## മജിസ്ട്രേറ്റ് കോടതികൾ

ക്രിമിനൽ കേസുകൾ കൈകാര്യം ചെയ്യുന്ന കോടതികളാണ് മജിസ്ട്രേറ്റ് കോടതികൾ. ദോഹോപദ്രവം,കളവ്, അശ്രദ്ധമായി വാഹനമോടിച്ചോ മറ്റോ പരിക്കേൽപ്പിക്കൽ മുതലായ ഇന്ത്യൻ ശിക്ഷാനിയമത്തിലെ ഒട്ടേറെ കുറ്റങ്ങൾക്കും മറ്റു ക്രിമിനൽ നിയമങ്ങളിലെ കുറ്റങ്ങൾക്കും വിചാരണാധികാരം മജിസ്ട്രേറ്റ് കോടതികൾക്കാണ്. 3 വർഷം വരെ തടവ് ശിക്ഷ നൽകാവുന്നതും 10000 രൂപ വരെ പിഴ വിധിക്കാവുന്ന കുറ്റങ്ങളാണ് മജിസ്ട്രേറ്റ് കോടതികളിൽ വിചാരണ ചെയ്യുക. ഓരോ ജില്ലയിലും ഒരു മജിസ്ട്രേറ്റിനെ ചീഫ് ജുഡീഷ്യൽ മജിസ്ട്രേറ്റായി നിയമിച്ചിട്ടുണ്ട്.

*****************

# കേരളത്തിലെ ജില്ലാ നിയമ സേവന അതോറിറ്റികളുടെ വിലാസം

**തിരുവനന്തപുരം**
ജില്ലാ നിയമ സഹായ അതോറിറ്റി
എ.ഡി.ആർ.സെന്റർ, ജില്ലാ കോടതി സമുച്ചയം
വഞ്ചിയൂർ, തിരുവനന്തപുരം
ഫോൺ : 0471 - 2467700

**തൃശൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, സിവിൽ ലൈൻ ,
എ.ഡി.ആർ .സെന്റർ, അയ്യന്തോൾ, തൃശൂർ
ഫോൺ : 0487 - 2363770

**കൊല്ലം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കൊല്ലം
ഫോൺ : 0474 - 2791399

**പാലക്കാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പാലക്കാട്,
ഫോൺ : 0491 - 2505665

**പത്തനംതിട്ട**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, പത്തനംതിട്ട
ഫോൺ : 0468 - 2220141

**മലപ്പുറം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, മഞ്ചേരി,
മലപ്പുറം, ഫോൺ : 04832 - 762220

**കോട്ടയം**
ജില്ലാ നിയമ സഹായ അതോറിറ്റി, A.D.R. സെന്റർ
മലങ്കര ക്വാർട്ടേഴ്സിന് സമീപം
മുട്ടമ്പലം പി.ഒ, കോട്ടയം,
ഫോൺ : 0481 - 2572422

**കോഴിക്കോട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, കോഴിക്കോട്,
ഫോൺ : 0495 - 2366044

**ആലപ്പുഴ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, ആലപ്പുഴ
ഫോൺ : 0477 - 2262495

**വയനാട്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കൽപ്പറ്റ, വയനാട്
ഫോൺ : 04936 - 207800

**ഇടുക്കി**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
തൊടുപുഴ ,ഇടുക്കി
ഫോൺ : 04862 - 255383

**കണ്ണൂർ**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം, തലശ്ശേരി,
കണ്ണൂർ, ഫോൺ : 0490 - 2344666

**എറണാകുളം**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി അനക്ഷർ സമുച്ചയം,
എ .ഡി.ആർ .സെന്റർ, കലൂർ, എറണാകുളം,
ഫോൺ : 0484 - 2344223

**കാസർഗോഡ്**
ജില്ലാ നിയമ സഹായ അതോറിറ്റി
ജില്ലാ കോടതി സമുച്ചയം,
കാസർഗോഡ്
ഫോൺ : 04994 - 256189

**സാകേതം (നിയമ സഹായ കേന്ദ്രം) : 0484 – 2396817**
**കെൽസ ഹെൽപ് ലൈൻ : 9846700100 ( 24 മണിക്കൂർ)**
**1516 (ഓഫീസ് സമയങ്ങളിൽ)**